ഉച്ചഭാഷിണിയുടെ ഉപയോഗം നിയന്ത്രിക്കുന്ന നിയമ വ്യവസ്ഥകൾ

19 [3391] ശ്രീ. തോമസ് ചാഴികാടൻ:

,, റോഷി അഗസ്റ്റിൻ:

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉച്ചഭാഷിണിയുടെ ഉപയോഗം നിയന്ത്രിക്കുന്ന നിയമ വ്യവസ്ഥകൾ പരിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പൊതുജനങ്ങൾക്ക് ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്ന വിധമുള്ള ഉച്ചഭാഷിണിയുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) സംസ്ഥാനത്ത് ലൗഡ്സ്പീക്കറിന്റെ ഉപയോഗം നിരോധിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇതിന്റെ ഉപയോഗം പൂർണ്ണമായും നിരോധിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) കേന്ദ്ര സർക്കാരിന്റെ എൻവയോൺമെന്റൽ പ്രൊട്ടക്ഷൻ ആക്ട് 1986, നോയിസ് പൊലൂഷൻ (റഗുലേഷൻ ആന്റ് കൺട്രോൾ) റൂൾസ് 2000, കേരളാ പോലീസ് ആക്ട് 1960-ലെ സെക്ഷൻ 19-ഉം 20-ഉം അനുസരിച്ചും, സംസ്ഥാനത്ത് ഉച്ചഭാഷിണി ഉപയോഗം സംബന്ധിച്ച് 28-11-2002-ൽ പി. എച്ച്. ക്യൂ. നം. 236/30380/02 കത്ത് പ്രകാരം ഒരു വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) മുകളിൽ പരാമർശിച്ചിരിക്കുന്ന വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഉച്ചഭാഷിണി ഉപയോഗം നിയന്ത്രിക്കുന്നതിന് എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടൻമാർക്കും, സിറ്റി പോലീസ് കമ്മീഷണർമാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്.

(ഡി & ഇ) സംസ്ഥാനത്ത് ലൗഡ്സ്പീക്കറിന്റെ ഉപയോഗം നിരോധിച്ചിട്ടില്ല. പക്ഷേ നിയന്ത്രിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly